വാഴക്കാട് ഗ്രാമപഞ്ചായത്തിൽ ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഴക്കാട് പഞ്ചായത്തിൽ ബ്ലോക്ക് 19 റീസർവ്വേ 230/12-ൽപ്പെട്ട 0.8010 ഹെക്ടർ സ്ഥലം ലഭ്യമാക്കാമെന്ന് പഞ്ചായത്ത് തീരുമാനമെടുത്ത് വ്യാവസായിക പരിശീലന വകുപ്പിനെ അറിയിച്ചിട്ടുണ്ട്. ഡി/സിവിൽ, ഇലക്ട്രീഷ്യൻ എന്നീ ട്രേഡുകൾ ആരംഭിക്കുന്നതിന് പഞ്ചായത്ത് താൽപ്പര്യം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ഈ സാമ്പത്തികവർഷം കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ വാഴക്കാട് പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(ബി) ഇക്കാര്യത്തിൽ ട്രെയിനിംഗ് ഡയറക്ടറിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കി പരിശോധിക്കുകയും കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ ഐ.ടി.ഐ. ആരംഭിക്കുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ തൽക്കാലം ഐ.ടി.ഐ. അനുവദിക്കുവാൻ കഴിയുകയില്ലായെന്ന വിവരം 28-5-2015-ലെ 1684/സി3/14/ തൊഴിൽ കത്ത്പ്രകാരം ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജിയെ അറിയിച്ചിട്ടുണ്ട്.

അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ വേതനം

264 (929) ശ്രീ. ജി. സുധാകരൻ :
ശ്രീ. എം. ഹംസ :
ശ്രീ. പി. ടി. എ. റഹീം :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് മാന്യമായ വേതനം ലഭിക്കുന്നില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന വ്യക്തമാക്കുമോ ;

(ബി) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., സംസ്ഥാന സിലബസ് പിന്തുടരുന്ന സ്കൂളുകളിലെ മുഴുവൻ അദ്ധ്യാപകർക്കും ശമ്പളസ്കെയിൽ നിർണ്ണയിക്കാനും നിയമാനുസൃതമായ വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരം വിദ്യാലയങ്ങളിൽ തൊഴിൽ വകുപ്പ് പരിശോധന നടത്താറുണ്ടോ ; എങ്കിൽ അതിന്റെ വിശദവിവരം നൽകുമോ ;

(ഡി) വിവിധ സിലബസ്സിലുള്ള സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള ഉപാധികളിൽ വേതന ഘടന നിർബന്ധിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ അൺ-എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർക്ക് മാന്യമായ വേതനം ലഭിക്കുന്നില്ലെന്നകാര്യം പരിശോധിച്ചിട്ടുണ്ടെങ്കിലും ടി ജീവനക്കാർ 1947-ലെ തൊഴിൽത്തർക്ക നിയമപ്രകാരം 'വർക്ക്മെൻ' എന്ന ഗണത്തിലോ 1948-ലെ മിനിമം വേതന നിയമം വകുപ്പ് (2) പ്രകാരം 'എംപ്ലോയി' എന്ന നിർവ്വചനത്തിലോ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ തൊഴിൽ വകുപ്പിന് ഇക്കാര്യത്തിൽ ഇടപെടാൻ കഴിയുന്നില്ല.

(ബി) സംസ്ഥാനത്തെ അൺ-എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം നടപ്പിലാക്കുന്നതിനായി 'The Kerala Payment of Minimum Wages to Teachers of Unaided Educational Institutions Bill, 2014'-ന്റെ സാധുത ഇപ്പോൾ പൊതുവിദ്യാഭ്യാസവകുപ്പും നിയമവകുപ്പും സംയുക്തമായി പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാന വ്യാപകമായി 2014 കാലയളവിൽ 134 അൺ-എയ്ഡഡ് സ്കൂളുകളിൽ പരിശോധന നടത്തുകയും ടി സ്ഥാപനങ്ങളിലെ അനദ്ധ്യാപകരുടെ മിനിമം വേതനം, അവധി, ജോലി സുരക്ഷ മുതലായവ നൽകുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുള്ള മൂന്ന് സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷനും നാല് സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന വിഷയമാണ്.

ഒറ്റപ്പാലം കരിമ്പുഴയിൽ ഐ.റ്റി.ഐ.

265 (930) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലത്തെ കരിമ്പുഴയിൽ ഒരു ഐ.റ്റി.ഐ. തുടങ്ങുന്നതിനായുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly